# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2282 – 12/02/2020 - ലെ മറുപടിക്ക്**

## വാർഷിക പദ്ധതിയിലെ വെട്ടിക്കുറവ്

**ചോദ്യം**

**ശ്രീ.മോൻസ് ജോസഫ്**

**ശ്രീ. പി.ജെ.ജോസഫ്**

**ശ്രീ. സി.എഫ്.തോമസ്**

**ഉത്തരം**

**ഡോ. ടി. എം. തോമസ് ഐസക്**

**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധി യെത്തുടർന്ന് സംസ്ഥാനത്തിന്റെ അടുത്ത വാർഷിക പദ്ധതി ഗണ്യമായി വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | രാജ്യത്താകമാനമുള്ള സാമ്പത്തിക മാന്ദ്യത്തിന്റെയും കേന്ദ്രനികുതി വിഹിതം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെയും ജി.എസ്.ടി നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലുണ്ടായിട്ടുള്ള ഇടിവിന്റെയും പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ 27610 കോടി രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | വായ്പാ പരിധി ഉയർത്താത്തതും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം കിട്ടുന്നതിലെ കാലതാമസവും വിശദീകരിക്കാമോ? | എഫ്.ആർ.ബി.എം നിയമം പ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ജി.എസ്.ഡി.പി-യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. 2018-ൽ ഉണ്ടായ മഹാപ്രളയത്തെത്തുടർന്നുള്ള പുനർ നിർമാണ ത്തിന്റെ പശ്ചാത്തലത്തിൽ വിദേശവായ്പ മുഖേന അധിക കടമെടുപ്പിനുള്ള അനുമതി സംസ്ഥാനത്തിന് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂലമായ മറുപടി ലഭ്യമായിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കുടിശ്ശിക ആറു മാസം വൈകിയാണ് കിട്ടിയത്. നെല്ല് സംഭരിച്ചതിന് കേന്ദ്രത്തിൽ നിന്നും 1035 കോടി രൂപ ലഭിക്കാനുണ്ട്. GST കോംപൻസേഷനും കുടിശ്ശികയാണ്. |

സെക്ഷൻ ഓഫീസർ